**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - പാലക്കാട് നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ജൂനിയർ സൂപ്രണ്ടായിരുന്ന സി വി ചന്ദ്രൻ - അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2405/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.09.2018

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.03.2017 തീയതിയിലെ ഇ 26(ക്യൂ.വി.09/16/പികെഡി) 2750/16/യുഎ നം. കത്ത്
2.സർക്കാരിന്റെ 06.03.2018 തീയതിയിലെ ഇയു2/47/2018/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 25.06.2018 തീയതിയിലെ വി3-7650/2018 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭയിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ അനധികൃതമായി ടെലികമ്മ്യൂണിക്കേഷൻ ടവർ നഗരസഭയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടും അത് നിറുത്തിവക്കുന്നതിനു നടപടിയെടുക്കാത്തതായും അനധികൃത ടെലി കമ്മ്യൂണിക്കേഷൻ ടവർ സംബന്ധിച്ച ബന്ധപ്പെട്ട ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതിൽ ജൂനിയർ സൂപ്രണ്ടായിരുന്ന സി വി ചന്ദ്രന് മേൽനോട്ട വീഴ്ച യുണ്ടായതായി കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി വി ചന്ദ്രന് പരാമർശം 2 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം 3 കത്ത് പ്രകാരം പാലക്കാട് നഗരസഭയിലെ ജൂനിയർ സൂപ്രണ്ടായിരുന്ന സി വി ചന്ദ്രൻ 21.01.2017 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതായി നഗരസഭാ സെക്രട്ടറി അറിയിക്കുന്നതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സി വി ചന്ദ്രൻ 21.01.2017 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതിനാൽ പാലക്കാട് നഗരസഭയിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് നഗരസഭയിലെ ജൂനിയർ സൂപ്രണ്ടായിരുന്ന സി. വി . ചന്ദ്രനെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, പാലക്കാട് നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ